➪ കുറച്ച് സ്ഥലം പകരം നൽകിയതുകൊണ്ട് മാത്രം നികത്താൻ കഴിയാത്ത നഷ്ടങ്ങളാണിത് ➪

# ജനാധിപത്യം നിലനിൽക്കാൻ ഈ സമരങ്ങൾ തുടരേണ്ടതുണ്ട്

മഹത്തായ ഒരു ഭരണഘടന നമുക്കുണ്ടായിട്ടും അത് പ്രയോഗത്തിൽ കൊണ്ടുവരാൻ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. വികസനത്തിന്റെ പേരിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഭരണഘടനയുടെ അന്തഃസത്തയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ഒരു പഞ്ചായത്തീ രാജ് ആക്ട് നമുക്കുണ്ട്. എവിടെയെങ്കിലും അത് പരിപാലിക്കപ്പെടുന്നുണ്ടോ? ഈ ആലപ്പാട് അത് നടപ്പിലാക്കുന്നുണ്ടോ?

**മേധാ പട്കർ**

എൻ.എ.പി.എം സംസ്ഥാന കൺവെൻഷനോടനുബന്ധിച്ച് 2019 ആഗസ്റ്റ് 8ന് ആലപ്പാട് നടത്തിയ പ്രഭാഷണം

**അടങ്ങാത്ത** സമരവീര്യവും ആത്മാർത്ഥതയും സ്ഥിരോത്സാഹവും നിലനിർത്തി 280 ദിവസം പിന്നിട്ടിരിക്കുന്ന നിങ്ങളുടെ നിരാഹാരസമരത്തോട് ഐക്യപ്പെടുന്നതിനായാണ് ഞാൻ ഇവിടെ എത്തിച്ചേർന്നിരിക്കുന്നത്. രാഷ്ട്രീയ നേതൃത്വങ്ങൾ മാത്രമല്ല, ധനസമ്പാദനത്തിനും ധൂർത്തിനും മാത്രമായി നടക്കുന്ന മുതലാളിത്ത മനഃസ്ഥിതിയുള്ളവരും നമ്മുടെ ഈ സമരത്തിന് എതിരായി നിൽക്കുന്നവരാണ്. എന്നാൽ ആയിരക്കണക്കിന് ആളുകൾ ഈ സമരത്തെ പിന്തുണച്ചുകൊണ്ട് നമുക്കൊപ്പമുണ്ട്. ഐക്യദാർഢ്യം അറിയിച്ച് അവർ പലപ്പോഴും ഇവിടെ എത്തിയിട്ടുണ്ട്. ഇന്ത്യ അതിന്റെ ചരിത്രത്തിലെ ഏറ്റവും മോശം രാഷ്ട്രീയ കാലാവസ്ഥയിലൂടെ കടന്നുപോകുന്ന ഈ കാലത്ത് അത്തരത്തിലുള്ള ഐക്യപ്പെടലുകൾക്ക് വലിയ പ്രാധാന്യമുണ്ട്. മതത്തിന്റെയും ജാതിയുടെയും വികസനത്തിന്റെയും പേരിൽ ഈ രാജ്യത്ത് നടക്കുന്ന കൊലപാതകങ്ങൾ ആരെയും നടുക്കുന്നതാണ്.

അതൊന്നും അംഗീകരിക്കാൻ കഴിയുന്നതല്ല എന്നതുകൊണ്ടുകൂടിയാണ് നമ്മൾ ഇവിടെ ഒത്തുചേർന്നിരിക്കുന്നത്. ഇവിടെ നിന്ന് നിങ്ങളോട് സംസാരിക്കുമ്പോഴും എന്റെ ഹൃദയം വലിയ വേദനയിലാണ്. 34 വർഷമായി സമരം തുടരുന്ന ഞങ്ങളുടെ നർമ്മദ താഴ്‌വരയിൽ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഡാം തുറന്നുവിട്ട് ജലനിരപ്പ് കുറയ്ക്കാൻ അധികൃതർ സന്നദ്ധമായിട്ടില്ല. പകരം പോലീസിനെ ഉപയോഗിച്ച് അവർ ബലപ്രയോഗത്താൻ മുങ്ങിക്കൊണ്ടിരിക്കുന്ന ഗ്രാമീണരെ ഒഴിപ്പിക്കുകയാണ്. എനിക്ക് എത്രയും വേഗം അവിടേക്ക് മടങ്ങിയെത്തേണ്ടതുണ്ട്. 32000ൽ അധികം കുടുംബങ്ങളാണ് കുടിയൊഴിപ്പിക്കപ്പെടാൻ പോകുന്നത്. കുടിയൊഴിപ്പിക്കൽ വളരെ ദാരുണമായ ഒരു പരിപാടയാണ്. എല്ലാ അർത്ഥത്തിലും ആ മനുഷ്യർ അവർ ജീവിച്ച ആവാസവ്യവസ്ഥയിൽ നിന്നും വേരറ്റുപോവുകയാണ്. ജീവനോപാധികളും സാമൂഹ്യബന്ധങ്ങളും നഷ്ടമാവുകയാണ്. കുറച്ച് സ്ഥലം പകരം നൽകിയതുകൊണ്ട് മാത്രം നികത്താൻ കഴിയാത്ത നഷ്ടങ്ങളാണിത്.

മഹത്തായ ഒരു ഭരണഘടന നമുക്കുണ്ടായിട്ടും അത് പ്രയോഗത്തിൽ കൊണ്ടുവരാൻ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. വികസനത്തിന്റെ പേരിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഭരണഘടനയുടെ അന്തഃസത്തയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ഒരു പഞ്ചായത്തീരാജ് ആക്ട്

⇨ കേരളത്തിലായാലും നർമ്മദയിലായാലും വികസനം ഈ രീതിയിലാണ് ഒരുപാട് പേരോട് ഇടപെട്ടുകൊണ്ടിരിക്കുന്നത് ⇨



ആലപ്പാട് വെള്ളാനത്തുരുത്തിലെ കരിമണൽ ഖനന മേഖല മേധാപട്കർ സന്ദർശിക്കുന്നു

നമുക്കുണ്ട്. എവിടെയെങ്കിലും അത് പരിപാലിക്കപ്പെടുന്നുണ്ടോ? ഈ ആലപ്പാട് അത് നടപ്പിലാക്കുന്നുണ്ടോ? ഈ രാജ്യത്തിന്റെ ഒരു കോണിലും പഞ്ചായത്തുകൾ ജനാധിപത്യത്തിന്റെ അടിസ്ഥാന യൂണിറ്റുകൾ എന്ന നിലയിൽ പരിഗണിക്കപ്പെടുന്നതേയില്ല. ഭരണകൂടത്തിന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യാൻ നമുക്ക് ഒരു വേദിയില്ലാതെയായിരിക്കുന്നു. നമുക്ക് ഈ പുഴയും ജലസമ്പത്തും കടലുമെല്ലാം സംരക്ഷിക്കേണ്ടതായുണ്ട്. കേരളത്തിന് അതിന് കഴിയാതെ പോയതിന്റെ തിരിച്ചടികളാണ് നമ്മൾ ഇന്ന് നേരിടുന്നത്. യു.ഡി.ഫ്, എൽ.ഡി.എഫ് എന്നീ രണ്ട് മുന്നണികൾ മാറിമാറി ഭരിച്ചിട്ടും ഇവിടെ ഒരു വ്യത്യാസവും ഉണ്ടാകുന്നില്ല. അതിൽ നിങ്ങൾ നിരാശരാകരുത്. പോരാട്ടം തുടരുക തന്നെ വേണം. ആദിവാസി സ്ത്രീകൾ അടക്കമുള്ള നിരവധി പേർ രാവും പകലുമെന്നില്ലാതെ 28 ദിവസം വെള്ളത്തിൽ നിന്ന് നർമ്മദയിൽ സമരം ചെയ്തിരുന്നു. അത്തരം സമരങ്ങളാണ് ഇപ്പോഴും നർമ്മദവാലിയെ കാത്തുസൂക്ഷിക്കുന്നത്. പലവിധത്തിലുള്ള പ്രതിസന്ധികളിലൂടെയും കേരളം ഇതിന് മുമ്പും കടന്നുപോയിട്ടുണ്ടല്ലോ. വരൾച്ചയെയും സുനാമിയെയും വരെ നമ്മൾ നേരിട്ടിട്ടുണ്ട്. സുനാമിയുണ്ടായ കാലത്ത് സി.പി.എമ്മിന്റെ ദേശീയ നേതൃത്വവും ഞാൻ പ്രവർത്തിക്കുന്ന എൻ.എ.പി.എമ്മും ഒരുമിച്ചിരുന്ന് പുനരധിവാസത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. അതുപോലെ വർഗീയതയ്ക്കെതിരായ പല സമരങ്ങളിലും കോൺഗ്രസ് നേതാക്കളും എൻ.എ.പി.എമ്മും ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. പക്ഷെ, നിർഭാഗ്യമെന്ന് പറയട്ടെ അതേ നേതൃത്വങ്ങൾ ഇവിടെ ആലാപ്പട് സമരത്തിൽ നമ്മളോടൊപ്പം ഇല്ല. സമാധാനപരമായ ഒരു ചർച്ചയ്ക്കും അവർ തയ്യാറല്ല. ഞാൻ കരിമണൽ ഖനനം നടക്കുന്ന പ്രദേശം സന്ദർശിച്ച ശേഷമാണ് ഇവിടേക്ക് എത്തിയത്. പന്മന വില്ലേജ് ഏതാണ്ട് ഇല്ലാതെയായിരിക്കുന്നു. നൂറുകണക്കിനാളുകൾ മാന്യമായ നഷ്ടപരിഹാരം പോലും കിട്ടാതെ കുടിയൊഴിഞ്ഞുപോയിരിക്കുന്നു. 150ൽ അധികം കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലങ്ങൾ ഇന്ന് കാണാൻ പോലുമില്ല. കുറേവർഷങ്ങൾ കൂടിക്കഴിഞ്ഞാൽ ഇവിടെ വീടുകളുണ്ടായിരുന്നു എന്ന് ആരും വിശ്വസിക്കില്ല. പുരാവസ്തുവകുപ്പ് അതിനനുബന്ധമായ തെളിവുകൾ കണ്ടെത്തിക്കാണിക്കേണ്ടിവരും. ഇത്തരത്തിലുള്ള ഒരു ഹിംസ ഇന്ത്യയിലെമ്പാടും അരങ്ങേറുന്നുണ്ട്. ഇവിടെ നമുക്കൊരു ഭരണഘടനയുണ്ട്, എല്ലാവർക്കുമുള്ള മൗലികാവകാശങ്ങളും എല്ലാവരും പാലിക്കേണ്ട നിർദ്ദേശകതത്വങ്ങളും ഭരണഘടനയിലുണ്ട്. എന്നിട്ടും നമുക്ക് നമ്മുടെ ജീവൻ രക്ഷിക്കാൻ കഴിയുന്നില്ല.

വളരെ സമാധാനപരമായി നടക്കുന്ന ഈ സമരത്തെ അഭിമുഖീകരിക്കാൻ എൽ.ഡി.എഫ് സർക്കാർ സന്നദ്ധമാകണം. ഖനനം നിർത്തിവയ്ക്കാൻ എന്താണ് വഴിയെന്ന് അന്വേഷിക്കണം. ഉറപ്പായും ഈ പോരാട്ടത്തിൽ ഇന്ത്യയിലെ അനേകം ജനകീയ സമരങ്ങൾ നിങ്ങളോട് ഐക്യപ്പെടും. എൽ.ഡി.എഫ് ആയാലും യു.ഡി.എഫ് ആയാലും വികസനത്തിന്റെ പേരിലാണ് ഈ അതിക്രമങ്ങളെല്ലാം നടത്തുന്നത്. കേരളത്തിലായാലും നർമ്മദയിലായാലും വികസനം ഈ രീതിയിലാണ് ഒരുപാട് പേരോട് ഇടപെട്ടുകൊണ്ടിരിക്കുന്നത്. 34 വർഷം സമരം ചെയ്തതിന്റെ ഫലമായാണ് സർദാർ സരോവർ ഡാമിന്റെ ഉയരം കുറച്ചതടക്കമുള്ള ചില നേട്ടങ്ങൾ നർമ്മദയിലെ ജനങ്ങൾക്കുണ്ടായത്. ജനങ്ങളെ നിരന്തരം കുടിയൊഴിപ്പിച്ചും പുനരധിവസിപ്പിച്ചും ഈ വികസന പരിപാടികളുമായി സർക്കാരിന് മുന്നോട്ടുപോകാൻ കഴിയുമോ? ഇവിടെ നടക്കുന്ന ഖനനത്തിന് നാളെയൊരു പക്ഷെ കുട്ടനാട്ടുകാരും ഇരകളായിത്തീർന്നേക്കാം. പൊഴി മുറിഞ്ഞാൽ കായലും കടലും ഒന്നായിത്തീരുകയും കടൽ കുട്ടനാട്ടിലെത്തുകയും ചെയ്യും. അപ്പോൾ അവരെ എങ്ങനെയാണ് സർക്കാർ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്? കഴി

ഞ്ഞവർഷത്തെ പ്രളയത്തിൽ നിങ്ങൾ കണ്ടതാണല്ലോ സർക്കാരിന്റെ പുനരധിവാസ പ്രവർത്തനം. ഈ വർഷവും സമാനമായ ഒരു പ്രളയത്തിന്റെ ഓരത്താണ് നമ്മൾ. വികസനം എന്ന പേരിൽ നടത്തപ്പെടുന്ന പരിപാടികളിൽ ഒരു പുനഃപരിശോധന നടത്തേണ്ട സമയമായി ഇതിനെ എടുക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

പരിസ്ഥിതി മന്ത്രാലയത്തിന്റെ ഭാഗത്ത് നിന്നും ഒരുതരത്തിലുമുള്ള പാരിസ്ഥിതിക അനുമതികൾ ഇല്ലാതെയാണ് ഐ.ആർ.ഇ ഇത്രയും വർഷമായി ഖനനം നടത്തുന്നത്. പരിസ്ഥിതി നിയമങ്ങൾ അവർക്ക് ബാധകമല്ലല്ലോ. തോറിയം എന്തിനാണ് ഉപയോഗിക്കുന്നതെന്ന് അവർ തുറന്നുപറയുകയുമില്ല. ഐ.ആർ.ഇ, കെ.എം.എം.എൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രൈവറ്റ് സ്ഥാപനങ്ങളെപ്പോലെയാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. മറ്റൊരുവശത്ത് മോദി സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിച്ചുകൊണ്ടിരിക്കുയാണ്. കരിമണൽ ഖനനമേഖലയിലും അത് സംഭവിക്കാം. അതുകൊണ്ടുതന്നെ സേവ് ആലപ്പാട് എന്ന് ഇനിയും ഉച്ചത്തിൽ വിളിച്ചുപറയേണ്ട കാലമാണിത്.

> ഇത്തരം പ്രതിഷേധങ്ങളുയർത്തുന്നവരെയെല്ലാം ഭീകരവാദികളാക്കി മുദ്രകുത്തുന്നതരത്തിലുള്ള നിയമനിർമ്മാണം ഒരുവശത്ത് നടക്കുകയാണ്. പലതരത്തിലുള്ള ഭീകരതകളിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കുന്നതിനാണ് നമ്മൾ ശ്രമിക്കുന്നത്. ഭരണകൂടമാണ് വികസനത്തിന്റെ പേരിൽ ഇവിടെ ഭീകരപ്രവർത്തനം നടത്തുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തങ്ങൾ നമ്മൾ കണ്ടുതുടങ്ങിയിട്ടും അതൊന്നും പരിഗണിക്കാൻ തയ്യാറാകാത്ത ഭരണകൂടത്തിന്റെ ചെയ്തികളാണ് ശരിക്കും ഭീകരപ്രവർത്തനം.

ഇത്തരം പ്രതിഷേധങ്ങളുയർത്തുന്നവരെയെല്ലാം ഭീകരവാദികളാക്കി മുദ്രകുത്തുന്നതരത്തിലുള്ള നിയമനിർമ്മാണം ഒരുവശത്ത് നടക്കുകയാണ്. പലതരത്തിലുള്ള ഭീകരതകളിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കുന്നതിനാണ് നമ്മൾ ശ്രമിക്കുന്നത്. ഭരണകൂടമാണ് വികസനത്തിന്റെ പേരിൽ ഇവിടെ ഭീകരപ്രവർത്തനം നടത്തുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തങ്ങൾ നമ്മൾ കണ്ടുതുടങ്ങിയിട്ടും അതൊന്നും പരിഗണിക്കാൻ തയ്യാറാകാത്ത ഭരണകൂടത്തിന്റെ ചെയ്തികളാണ് ശരിക്കും ഭീകരപ്രവർത്തനം. കോപ്പൻഹേഗനിൽ നടക്കുന്ന അന്താരാഷ്ട്ര കാലാവസ്ഥാ ഉച്ചകോടികളിൽ സർക്കാർ പ്രതിനിധികൾ പോയി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്. പക്ഷെ, ഇവിടെ ആലപ്പാടോ, നർമ്മദാതീരത്തോ, ബുന്ദൽഖണ്ഡിലോ, റായലസീമയിലോ വന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സംസാരിക്കാൻ അവർ തയ്യാറല്ല. വികസനത്തെക്കുറിച്ചുള്ള പാശ്ചാത്യ മാതൃകകൾ പിന്തുടരുന്ന ഈ ബ്യൂറോക്രാറ്റുകളും നയനിർമ്മാതാക്കളും ചെയ്യുന്ന തെറ്റുകൾ തിരുത്തിക്കൊണ്ടിരിക്കുന്നത് അതിജീവന സമരങ്ങളിൽ നിൽക്കുന്ന ജനങ്ങളാണ്. ഇക്കോളജിയല്ല, ഇക്കോണമിയാണ് പ്രധാനമെന്ന് ഒരു പാർലമെന്റ് അംഗം അടുത്തിടെ പ്രസംഗിക്കുകയുണ്ടായി. ഞാൻ മറാത്തിയിൽ അദ്ദേഹത്തിന് ഒരു മറുപടി എഴുതിയിരുന്നു. ഇക്കോളജി എന്നത് ഒരു ശാസ്ത്രശാഖ മാത്രമല്ല, നമ്മുടെയെല്ലാം ജീവിതത്തിന്റെ ഭാഗം കൂടിയാണത്. ഈ രാജ്യത്തെ ജനതയെയാണോ, വിപണിയെയാണോ നിങ്ങൾ സേവിക്കുന്നത്? സമൂഹമാണോ അതോ കോർപ്പറേറ്റുകളാണോ നിങ്ങൾക്ക് മുഖ്യം? ഈ ചോദ്യം രാഷ്ട്രീയക്കാർക്ക് നേരെ, പാർലമെന്റ് അംഗങ്ങൾക്ക് നേരെ നമ്മൾ ചോദിച്ചുകൊണ്ടേയിരിക്കണം. ആലപ്പാട് സമരം ആ ദൗത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങളുടെ ഒരുപാട് ഭൂമി കടലെടുത്തു പോയിരിക്കുന്നു. പലരുടെയും വീടിരിക്കുന്നത് സുരക്ഷിതമായ മൺതരികൾക്ക് മുകളിലല്ല. കുടിക്കാൻ കിട്ടുന്നതാകട്ടെ ഉപ്പുവെള്ളവും. 2018ലെ പ്രളയത്തിലകപ്പെട്ടവരെ സഹായിക്കുന്നതിനായി ഓടിയെത്തിയവരാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. അവരുടെ സേവനങ്ങളെ അത്തരത്തിൽ നമ്മൾ ആദരിക്കുകയും ചെയ്തിരുന്നു. ആലപ്പാട് നിവാസികളിൽ നാൽപ്പത് ശതമാനത്തോളം മത്സ്യത്തൊഴിലാളികളാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രളയത്തിൽ കേരളത്തെ സഹായിച്ച മത്സ്യത്തൊഴിലാളി സമൂഹത്തിനൊപ്പം നിൽക്കേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ട് തീർച്ചയായും കേരളം ആലപ്പാട് ജനതയുടെ ഈ അതിജീവന സമരത്തെ പിന്തുണയ്ക്കണം. ആലപ്പാട്ടെ മാത്രമല്ല, മത്സ്യത്തൊഴിലാളികൾ നടത്തുന്ന എല്ലാ

അതിജീവന സമരങ്ങളെയും പിന്തുണയ്ക്കാൻ നമ്മൾ ഉറപ്പായും തയ്യാറാകേണ്ടതുണ്ട്. കൂടുംകുളത്ത് അവർ സമരത്തിലാണെന്ന് നമുക്കറിയാം. ഊർജ്ജമേഖലയിലെ ആണവവത്കരണത്തിനെതിരായ ആ സമരത്തിന് ആഗോള പ്രാധാന്യമുണ്ട്. ചെർണോബിലിന്റെയും ഫുക്കുഷിമയുടെയും അവസ്ഥകൾ കണ്ടവരാണ് നമ്മൾ. ഇവിടെ ഖനനം നടത്തുന്ന ഐ.ആർ.ഇയും ആ ആണവശൃംഖലയുടെ ഭാഗമാണ്. പുതുക്കാവുന്ന ഊർജ്ജസ്രോതസ്സുകളുടെ സാധ്യതകൾ തിരിച്ചറിഞ്ഞിട്ടും അതിലേക്ക് ഇനിയും എത്തിച്ചേരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മനുഷ്യവിരുദ്ധമായ സാങ്കേതികവിദ്യകളുടെ വികാസത്തിനാണ്



ആലപ്പാട് അടുത്തിടെ കടൽക്ഷോഭത്തിൽ തകർന്ന ഒരു വീട്

ലോകത്തെവിടെയും ഇന്ന് പ്രാമുഖ്യം ലഭിക്കുന്നത്. റോബോട്ടുകൾ പലമേഖലകളിൽ നിന്നും മനുഷ്യ സാന്നിധ്യത്തെ പുറത്താക്കിക്കൊണ്ടിരിക്കുകയാണ്. മൊബൈൽ ഫോണിൽ വാട്സ്അപ്, അപ് എന്ന് നമ്മൾ സ്ക്രോൾ ചെയ്ത് നോക്കുന്ന തിരക്കിനിടയിൽ വാട്സ്ഡൗൺ എന്ന് നോക്കാൻ മറന്നുപോകുന്നു. നമ്മൾ നിൽക്കുന്ന ഇടം അവിടെത്തന്നെയുണ്ടോ എന്ന് ഇടയ്ക്ക് താഴേക്ക് നോക്കുന്നത് നല്ലതാണ്.

എവിടെയും അധികാരത്തിലിരിക്കുന്നവർ അവർ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾ പരിശോധിക്കാൻ തയ്യാറാകുന്നത് ജനങ്ങൾ സമരം ചെയ്യുമ്പോൾ മാത്രമാണ്. അതുകൊണ്ട് തീർച്ചയായും നിങ്ങൾ സമരം തുടരുക. ഇവിടെ കൂടിയിരിക്കുന്ന സ്ത്രീകളുടെയും ചെറുപ്പക്കാരുടെയും സാന്നിധ്യം വലിയ ആവേശമുണ്ടാക്കുന്നതാണ്. കാർത്തിക് ശശിയിലൂടെയും സിന്ദൂരയിലൂടെയും അടുത്തതലമുറയിലേക്ക് ഈ സമരം കൈമാറ്റം ചെയ്യപ്പെടുകയാണ്. തീർച്ചയായും നിങ്ങളുടെ സമരത്തിന് ഒരു വിജയമുണ്ടാകും. എപ്പോഴും ഇവിടെ എത്തിച്ചേരാൻ കഴിയാത്ത ഞാനടക്കമുള്ള ഒരുപാട് മനുഷ്യർ നിങ്ങൾക്കൊപ്പമുണ്ട്. പലതരത്തിൽ നിങ്ങളെ സഹായിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധമാണ്. എം.എ. ബേബിയും ഹനൻമൊല്ലയും അടക്കമുള്ള സി.പി.എമ്മിന്റെ പോളിറ്റ്ബ്യൂറോ മെമ്പർമാരോട് ഞാൻ ഈകാര്യം സംസാരിക്കും. ഇതിനപ്പുറത്തെക്കരയിൽ ഒരിക്കൽ സ്വകാര്യ ലോബി ഖനനത്തിന് ശ്രമിച്ചപ്പോൾ അതിനെതിരായ സമരത്തിൽ ബേബിക്കൊപ്പം ഞാനും പങ്കെടുത്തിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് ആലപ്പാടിന്റെ കാര്യത്തിൽ നിങ്ങൾ മൗനം പാലിക്കുന്നതെന്ന് ഞാൻ ചോദിക്കാം.

ജനാധിപത്യം തന്നെ വലിയ പ്രതിസന്ധി നേരിടുന്ന ഒരു കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. കാശ്മീരിന്റെ കാര്യം തന്നെ ആലോചിച്ചുനോക്കൂ. കാശ്മീരിന്റെ ഭൂമി കോർപ്പറേറ്റുകൾക്ക് കൈമാറുക എന്ന ഉദ്ദേശം കൂടിയുണ്ട് 370 പിൻവലിച്ചതിന് പിന്നിൽ. അദാനിക്കും അംബാനിക്കും ഇനി അവിടെ അവരുടെ പ്രോജക്ടുകൾ നടപ്പിലാക്കാം. എത്ര ജനാധിപത്യവിരുദ്ധമായാണ് സർക്കാർ അത് ചെയ്തത്. മുൻ കാശ്മീർ മുഖ്യമന്ത്രിമാർ അടക്കം ജനപ്രതിനിധികളായ രാഷ്ട്രീയ നേതാക്കളെല്ലാം ഇപ്പോഴും ജയിലിലാണ്. എന്ത് അഭിപ്രായവ്യത്യാസം ഇക്കാര്യത്തിലുണ്ടെങ്കിലും ഈ ജനാധിപത്യവിരുദ്ധത നിങ്ങൾ കാണാതെ പോകരുത്. നാളെ ഒരു സുപ്രഭാതത്തിൽ, നിങ്ങളോടൊന്നും ആലോചിക്കാതെ കേരള നിയമസഭ പിരിച്ചുവിട്ട് കേരളം ഒരു കേന്ദ്രഭരണ പ്രദേശമാക്കി മാറ്റിയാൽ നിങ്ങൾ എന്തുചെയ്യും? അതുമാത്രം ആലോചിച്ചാൽ മതി. കാശ്മീരിലെ ജനതയ്ക്കൊപ്പം നിൽക്കാൻ നമ്മളെല്ലാവരും തയ്യാറാകണം. ഇന്ത്യയോടൊപ്പം നിൽക്കാൻ അവർ തയ്യാറാണ്. പക്ഷെ, ഇന്ത്യ ആ രീതിയിൽ അവരെ ഒപ്പം നിർത്താൻ ശ്രമിച്ചിട്ടുണ്ടോ എന്നതിൽ എനിക്ക് സംശയമുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ ഏതൊരു പ്രദേശത്തെയും സംബന്ധിച്ച തീരുമാനങ്ങളെടുക്കാൻ പാടുള്ളൂ. അപ്പോഴാണ് ഇവിടെ ജനാധിപത്യം നിലനിൽക്കുന്നതായി ജനങ്ങൾക്കും അനുഭവപ്പെടുന്നത്.

ശാസ്ത്രത്തെ കൂട്ടുപിടിച്ച് കരിമണൽ ഖനനത്തെ ന്യായീകരിക്കാൻ പലരും ശ്രമിക്കുന്ന

തായി ഞാൻ അറിഞ്ഞു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തും ശാസ്ത്രീയ ഖനനം ആകാമെന്നാണ് പറയുന്നത്. എന്താണ് ഈ ശാസ്ത്രം? ഞാൻ കേരളത്തിൽ ആദ്യം പങ്കെടുക്കുന്ന ഒരു പരിപാടി പരിഷത്ത് സംഘടിപ്പിച്ച സ്വരാജ് യാത്രയായിരുന്നു. സ്വരാജ് എന്ന മുദ്രാവാക്യത്തെ ഒഴിവാക്കി എങ്ങനെയാണ് നമുക്ക് ശാസ്ത്രത്തെക്കുറിച്ച് സംസാരിക്കാൻ കഴിയുന്നത്? ഞാനും ഒരു ശാസ്ത്ര വിദ്യാർത്ഥിയായിരുന്നു. സാമൂഹ്യശാസ്ത്രമാണ് ഞാൻ പഠിച്ചത്. ശാസ്ത്രത്തിന്റെ രീതി ശാസ്ത്രങ്ങൾ തന്നെയാണ് സാമൂഹ്യശാസ്ത്രത്തിനുമുള്ളത്. നിങ്ങൾ ശാസ്ത്രീയത എന്ന് പറയുന്നതിൽ സാമൂഹ്യശാസ്ത്രത്തിന് ഒരു പങ്കും നൽകാത്തത് എന്തുകൊണ്ടാണ്? സാമൂഹ്യശാസ്ത്രവും നിങ്ങൾ പറയുന്ന ശാസ്ത്രീയതയുടെ ഉള്ളിൽപ്പെടുന്നതുതന്നെയാണ്. ഇപ്പോൾ നടക്കുന്ന വികസന പദ്ധതി ശാസ്ത്രീയമാണെന്ന് എങ്ങനെയാണ് പറയാൻ കഴിയുന്നത്? റെയർ എർത്ത് പോലെയുള്ള കമ്പനികളുടെ സുതാര്യതയില്ലാത്ത നിലപാടുകൾ എങ്ങനെയാണ് ശാസ്ത്രീയമാകുന്നത്? സുതാര്യതയില്ലായ്മ ശാസ്ത്രീയമാണോ? ഈ ചോദ്യങ്ങൾ നിങ്ങൾ ഉയർത്തണം.

ഇപ്പോൾ നടക്കുന്ന സമരത്തിന്റെ മുദ്രാവാക്യങ്ങൾ ഉന്നയിച്ച് നിങ്ങൾ ഒരു ലെറ്റർ കാമ്പയിൻ നടത്തണം. ഇന്ത്യയിലെ എല്ലാ പ്രമുഖ രാഷ്ട്രീയ നേതൃത്വങ്ങൾക്കും കത്തെഴുതണം. കാവ്യ എന്ന പെൺകുട്ടിയുടെ വീഡിയോ വൈറൽ ആയതുപോലെ ഈ കത്തെഴുത്തും വൈറലാകട്ടെ. ആശംസകൾ. ■

## പ്രധാനമന്ത്രിയുടെ ജന്മദിനം ആഘോഷിക്കാൻ അണക്കെട്ട് നിറച്ച് ഗ്രാമങ്ങളെ വെള്ളത്തിലാക്കി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അറുപത്തിയൊമ്പതാം പിറന്നാൾ ആഘോഷത്തിനായി സർദാർ സരോവർ അണക്കെട്ട് നിറച്ചിട്ട് നർമ്മദാതീരത്തെ നിരവധി ഗ്രാമങ്ങളെ വെള്ളത്തിൽ മുക്കിയതിനെതിരെ വ്യാപക പ്രതിഷേധം. ജന്മദിനമായ സെപ്തംബർ 17ന് അഹമ്മദാബാദിലെത്തിയ നരേന്ദ്ര മോദി അമ്മ ഹീരാബെന്നിനെ സന്ദർശിച്ച ശേഷം സർദാർ സരോവറിലെത്തി 'നമാമി നർമദാ മഹോത്സവം' ഉദ്ഘാടനം ചെയ്തുകൊണ്ടാണ് തന്റെ പിറന്നാൾ ആഘോഷിച്ചത്. ഈ ആഘോഷപരിപാടിയുടെ ഭാഗമായാണ് ഡാം അതിന്റെ പരമാവധി സംഭരണശേഷിയായ 138.68 മീറ്ററായി ഗുജറാത്ത് സർക്കാർ ഉയർത്തിയത്. സർദാർ സരോവർ അണക്കെട്ട് പൂർണ്ണ സംഭരണ ശേഷിയിൽ എത്തിയതിന്റെ ആഘോഷമായ 'നമാമി നർമദാ മഹോത്സവം' ഉദ്ഘാടനം നരേന്ദ്ര മോദി ഡാമിന് സമീപത്ത് ഫോട്ടോ ഷൂട്ടും നടത്തുകയുണ്ടായി. ഈ സമയം ഗുജറാത്തിലും മഹാരാഷ്ട്രയിലും മധ്യപ്രദേശിലുമായി 192 ഗ്രാമവാസികൾ മുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ഇതിനെതിരെ മേധ പട്കറിന്റെ നേതൃത്വത്തിൽ അണക്കെട്ടിനു സമീപം മോദിക്കെതിരെ പ്രതിഷേധപ്രകടനം നടത്തി. അണക്കെട്ടിലെ ജലനിരപ്പ് പരമാവധി സംഭരണശേഷിയിലേക്ക് എത്തിക്കാൻ ഗുജറാത്ത് സർക്കാർ തീരുമാനിച്ചതു മുതൽ മേധാ പട്കർ നിരാഹാര സമരത്തിലായിരുന്നു. ആഗസ്റ്റ് 25ന് ആരംഭിച്ച നിരാഹാര സമരം മേധാപട്കറുടെ ആരോഗ്യനില വഷളായതിനെ തുടർന്ന് ഒമ്പതാം ദിവസം പിൻവലിക്കുകയായിരുന്നു.

മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കാതെ പരമാവധി സംഭരണശേഷിയിലേക്ക് ജലനിരപ്പുയർത്തുന്ന ഗുജറാത്ത് സർക്കാരിന്റെ നടപടി മനുഷ്യാവകാശ ലംഘനമാണെന്നും ഗുജറാത്ത് സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിക്കാൻ മധ്യപ്രദേശ് സർക്കാർ മടി കാണിക്കുകയാണെന്നും ആദിവാസികളും മത്സ്യത്തൊഴിലാളികളും കർഷകരുമടങ്ങുന്ന സാധാരണ മനുഷ്യരുടെ ജീവനും സ്വത്തിനും യാതൊരു വിലയും കൽപ്പിക്കാൻ ഗുജറാത്ത്, മധ്യപ്രദേശ് സർക്കാരുകൾ തയ്യാറാകുന്നില്ലെന്നും നർമ്മദാ ബച്ചാവോ ആന്ദോളൻ പറയുന്നു.

ഒക്ടോബർ 15ന് സർദാർ സരോവർ ഡാം പൂർണമായും നിറയ്ക്കാൻ ആയിരുന്നു ഗുജറാത്തിലെ വിജയ് രൂപാണി സർക്കാരിന്റെ നേരത്തെയുള്ള തീരുമാനം. എന്നാൽ നരേന്ദ്ര മോദി ജന്മദിനം ആഘോഷിക്കാൻ ഇവിടേക്ക് വരുന്ന സാഹചര്യത്തിൽ സെപ്തംബർ 17ന് തന്നെ ഡാം പൂർണമായും നിറയ്ക്കുകയായിരുന്നു എന്ന് മേധാ പട്കർ പറയുന്നു. സർദാർ സരോവർ അണക്കെട്ടിലെ ജലനിരപ്പ് 122 മീറ്ററിൽ താഴെയായി നിർത്തണം എന്ന ആവശ്യമാണ് നർമ്മദ ബാചാവോ ആന്ദോളൻ വർഷങ്ങളായി ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മാന്യമായ പുനരധിവാസം ലഭ്യമാക്കണമെന്ന ആവശ്യവും ഏറെ നാളുകളായി നിരാകരിക്കപ്പെടുകയാണ്.

മൂന്ന് വർഷം മുമ്പ് 2017 സെപ്തംബർ 17ന് നരേന്ദ്രമോദിയുടെ അറുപത്തിയേഴാം ജന്മദിനം ആഘോഷിക്കപ്പെട്ടത് സർദാർ സരോവർ അണക്കെട്ടിന്റെ ഉദ്ഘാടനത്തോടുകൂടിയായിരുന്നു. സർദാർ സരോവർ അണക്കെട്ടിലെ ജലനിരപ്പ് അതിന്റെ പരമാവധി സംഭരണശേഷിയായ 139.68 മീറ്ററിലേക്ക് ഉയർത്തിയതിന്റെ ഭാഗമായി 'നമാമി നർമദ ഫെസ്റ്റിവൽ' എന്ന പേരിലായിരുന്നു ഇത്തവണത്തെ ജന്മദിനാഘോഷം.■